പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1897 22-03-2012 – ൽ മറുപടിയ്ക്ക്

**മത്സ്യബന്ധനത്തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശത്തിന്റെ ഉന്നമനം**

ചോദ്യം | ഉത്തരം

| | ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മത്സ്യബന്ധനത്തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശത്തിന്റെ ഉന്നമനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഏതെങ്കിലും പുതിയ പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശത്തിന്റെ ഉന്നമനത്തിനായി തീരദേശവികസന കോർപ്പറേഷൻ വഴി പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 11 മത്സ്യ ത്തൊഴിലാളി ഗ്രാമങ്ങളെ മാതൃകാമത്സ്യ ഗ്രാമങ്ങളായി വികസിപ്പിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ഭവന നിർമ്മാണം നടത്തുന്നതിനായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന് വേണ്ടിയുള്ള നപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതു കൂടാതെ സംസ്ഥാന സർക്കാരിന്റെയും ദേശീയ മത്സ്യവികസന ബോർഡിന്റെയും ധനസഹായത്തോടെ കേരളത്തിലുടനീളം ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു. നബാർഡിന്റെ ധനസഹായത്താൽ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികളും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുതമേഖലകളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ കൊല്ലം ജില്ലയിലെ പരവൂർ നഗരസഭാപ്രദേശം കൂടി പരിഗണിക്കുമോ? | (ബി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ